# ജി.യു.പി.എസ് നിരണം
# മുകളടി



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.യു.പി.എസ് നിരണം,മുകളടി |
| സ്കൂൾ കോഡ് | : 37264 |
| വാർഡ്/പഞ്ചായത്ത് | : VI/ നിരണം |
| സബ് ജില്ല | : തിരുവല്ല |
| ബി.ആർ.സി | : തിരുവല്ല |
| സി.ആർ.സി | : നിരണം |

# ആമുഖം

അനുദിനം മാറികൊണ്ടിരിക്കുന്ന കാലക്രമത്തിൽ സമഗ്രഗുണമേന്മ പദ്ധതിയിൽ സ്കൂളുകൾ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും,ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ കുട്ടികളെ രൂപപ്പെടുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. സമഗ്രഗുണമേന്മ പദ്ധതിയിയുടെ വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന തരത്തിൽ വിദ്യാഭ്യാസത്തെ രൂപകല്പന ചെയ്യണം.ഇതിന് സഹായകമായ തരത്തിൽ സ്കൂൾ ആക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കണം. 2015 ലെ യു,എൻ സുസ്ഥിര വികസനത്തിന്റെ 17 സൂചികകളിൽ നാലാമതായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം മറ്റ് എല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു എന്ന് സൂചിപ്പിച്ചിതിക്കുന്നു.കേരളം മറ്റ് പലരംഗങ്ങളിൽ എന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ച് മുന്നേറുകയാണ്. ഇതിനാൽ വിവിധ സർക്കാരുകളുടെ വികസനോന്മുഖമായ ഇടപെടലുകളും, പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും, വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും, അധ്യാപക സമൂഹത്തിന്റെ പ്രയത്നവും എല്ലാം എടുത്ത് പറയേണ്ടതുണ്ട്.

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും,കഴിവും അതത് ക്ലാസിൽ വെച്ച് തന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്.ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠന നിലവാരം അറിഞ്ഞുകൊണ്ട് അതത് വസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഗവ.യു.പി.എസ് നിരണം മുകളടിയിലെ ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ വിദ്യാർത്ഥികൾക്കും അതത് തലത്തിലുള്ള പഠന നേട്ടങ്ങളും(ലക്ഷ്യങ്ങളും),ധാരണകളും,ശേഷികളും ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക എന്ന ദർശനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്കൂളിന്റെ അക്കാദമികവും, അക്കാദമികേതരവുമായ എല്ലാ മേഖലകളേയും ഊന്നിയുള്ള സമഗ്രമായ പ്ലാൻ ആണിത്.

## ലക്ഷ്യങ്ങൾ

- വിദ്യാലയാന്തരീക്ഷവും,പഠനപ്രവർത്തനങ്ങളും ഓരോ കുട്ടിയുടെയും നിലവാരത്തിന് അനുസരിച്ച് ആസ്വാദ്യകരമാക്കുക.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഓരോ കുട്ടിക്കും അവരുടെ തലത്തിലുള്ള അക്കാദമിക നേട്ടങ്ങൾ ഉറപ്പുവരുത്തുക.
- പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ  അക്കാദമിക ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി ആസൂത്രണം ചെയയ്യുക.
- ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാനുള്ള സംവിധാനമൊരുക്കുകയും പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി പരിപോഷിപ്പിക്കുകയും ചെയ്യുക.
- വിദ്യാലയത്തിലെ  പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി,ലൈബ്രറി,കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക,അവ പരമാവധി പ്രയോജനപ്പെടുത്തുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന ക്രിയേറ്റീവ് കോർണർ പദ്ധതി എല്ലാ കുട്ടികളുടെയും അഭിരുചിക്കനുസരിച്ച് പ്രയോജനപ്പെടുത്തുക.ക്രിയേറ്റീവ് കോർണർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുട്ടികൾ ആർജിച്ച ശേഷികൾക്കൊപ്പം ഗവേഷണ ചിന്ത വളർത്താൻ സഹായിക്കുക.
- വിദ്യാലയവും സമൂഹവുമായി ഊഷ്മളമായ ബന്ധം ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൽ സംഘടിപ്പിക്കുക,സ്കൂൾ ലൈബ്രറി പൊതുസമൂഹത്തിനായി തുറന്ന വായനശാലയായി സജ്ജീകരിക്കുക.
- ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ അറിവുകൾ വർധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക,ആധുനിക സാങ്കേതിക വിദ്യയുടെ ദുരുപയോഗം,സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെപ്പറ്റി കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൽ   നടപ്പിലാക്കുക.
- ഭാഷയുടെ അടിസ്ഥാന ശേഷിവികസനം(LSRW),ഗണിത ശേഷിവികസനം,അർത്ഥ പൂർണ്ണമായ വായന എന്നിവ ഉറപ്പാക്കുക.
- ഓരോ കുട്ടിയേയും വ്യക്തിപരമായി പഠിച്ച് പിന്തുണാപ്രവർത്തനങ്ങൾ നൽകുക.
- അന്താരാഷ്ട്ര നിലവാരമുള്ള വർണ്ണകൂടാരം പ്രീ-പ്രൈമറി കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുക.
- കൃഷി,ഗ്രീൻ ക്യാമ്പസ്,ജൈവ പച്ചക്കറി,അടുക്കളതോട്ടം,വ്യക്തി ശുചിത്വം,പരിസര ശുചിത്വം എന്നിവയേക്കുറിച്ച് അവബോധം നൽകുക.
- ഗ്രന്ഥശാലകൾ,ക്ലബുകൾ,സന്നദ്ധ സംഘടനകൾ,വിദ്യാഭ്യാസ പ്രവർത്തകർ,പൂർവ്വ അധ്യാപകർ/വിദ്യാർത്ഥികൾ,വിവിധ സ്ഥാപനങ്ങൽ,വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം സ്കൂളിനായി പ്രയോജനപ്പെടുത്തുക.
- ക്ലാസ് പി.റ്റി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- സ്കൂളിലെ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി പഞ്ചായത്തിലെ മറ്റ് എൽ.പി.സ്കൂളുകളിലെ നാലാം ക്ലാസിൽ നിന്നുള്ള അഡ്മിഷൻ ഉറപ്പാക്കുക.
- സോഷ്യൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളിലെ പഠന വിടവ് പരിഹരിക്കാൻ അധിക സമയം കണ്ടെത്തി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വിവിധ ദിനാചരണ പ്രവർത്തനങ്ങൾ പി.ടി.എ,പൊതുസമൂഹം എന്നിവയുടെ പങ്കാളത്തത്തോടെ നടപ്പിലാക്കുക.

## **അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾ**

- കളിസ്ഥലം,അടുക്കള,മാലിന്യ നിർമ്മാർജ്ജനം എന്നിവ സ്കൂളിന്റെ പരിമിതികളാണ്.
- സ്മാർട്ട് ക്ലാസ് റൂമിന്റെ അപര്യാപ്തത.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളിലെ സ്കൂൾ ബസ് നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ.
- സ്കൂളിലെ പി.ടി.സി.എം ന്റെ അഭാവം സ്കൂൾ ശുചീകരണത്തിൽ ഉണ്ടാക്കുന്ന പോരായ്മ.
- സ്കൂൾ നിരന്തരം നേരിടുന്ന വെള്ളപ്പൊക്ക ഭീഷണി.
- എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങളും അൺ-എയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റവും കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാക്കുന്ന കുറവ്.

## **അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾക്കുള്ള പരിഹാരം**

- കളിസ്ഥലം,അടുക്കള,മാലിന്യ നിർമ്മാർജ്ജനം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ പരിഹരിക്കുക.
- സ്കൂൾ ബസ് നടത്തിപ്പിനായി പി.ടി.എ ഫണ്ട് കണ്ടെത്തുക/പഞ്ചായത്ത് സ്കൂൾ ബസ് നടത്തിപ്പ് ഏറ്റെടുക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുക.
- സ്കൂളിൽ കാഷ്വൽ സ്വീപ്പറിനെ പഞ്ചായത്ത് നിയമിക്കുക.
- സ്കൂൾ പരിസരം മണ്ണിട്ട് ഉയർത്താൻ വിവധ ഏജൻസികളുടെ സഹായം നേടുക.

## എൽ.പി തലം

## മലയാളം

### ലക്ഷ്യങ്ങൾ/നേട്ടങ്ങൾ

- അക്ഷരങ്ങൾ,ലിപികൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു,എഴുതുന്നു.
- കുട്ടിയെ മികച്ച വായനക്കാരനാക്കുക,എഴുത്തുകാരനാക്കുക.
- സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
- ഒരേ ഈണത്തിലും,താളത്തിലുമുള്ള കവിതകളുടെ ശേഖരണം.
- പാഠഭാഗങ്ങളുടെ കാവ്യാവിഷ്കാരം നടത്തുന്നതിനുള്ള പരിശീലനം.
- സർഗ്ഗാത്മക ഡയറി പരിശീലിപ്പിക്കുക.
- വ്യത്യസ്ത വ്യവഹാര രൂപങ്ങളെ പരിശീലിപ്പിക്കൽ,അവയുടെ അവതരണം.
- കടങ്കഥാശേഖരണം.
- പഠനോത്സവ പരിപാടികളിലെ അവതരണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷര വായന | പ്രീ ടെസ്റ്റ്-വായന,എഴുത്ത് (അക്ഷരങ്ങൾ) അക്ഷരമാലയിലെ അക്ഷരങ്ങൾ ക്രമത്തിൽ എഴുതുക, വായിക്കുക, പറയുക. | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| എഴുത്തും,വായനയും | എഴുത്തും,വായനയും ലക്ഷ്യംവെച്ചു കൊണ്ട് പത്രങ്ങൾ,ലൈബ്രറി പുസ്തകങ്ങൾ എന്നിവ നൽകി വായനയും,എഴുത്തും പരിപോഷിപ്പിക്കുന്നു. | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ | |
| ഒരേ ഈണത്തിലും താളത്തിലുമുള്ള കവിതകളുടെ ശേഖരണം. (കവിതാ ശേഖരണം) | ഒരേ ഈണത്തിലും താളത്തിലുമുള്ള പാഠപുസ്തകത്തിലെ കവിതകളെ ഗ്രൂപ്പുകളാക്കുന്നു. കൂടുതൽ മറ്റ് കവിതകൾ/ഗാനങ്ങൾ കണ്ടെത്തിക്കുന്നു. (കാവ്യോത്സവം) | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ | |
| കാവ്യാവിഷ്കാരം സംഘടിപ്പിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് കവിതകൾ,ഗദ്യങ്ങൾ കുട്ടികൾ കാവ്യാവിഷ്കാരം നടത്തുന്നു. | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മക ഡയറി എഴുതുന്നതിന്. | നിത്യേന ഡയറി എഴുത്ത് പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ്-മാർച്ച് | ക്ലാസ് ടീച്ചർ | |
| നാടൻപാട്ട് ശേഖരണം | വയ്ത്താരികൾ ഉള്ളത്. | ആഗസ്റ്റ്-മാർച്ച് | ക്ലാസ് ടീച്ചർ | |
| കടങ്കഥാശേഖരണം | കടങ്കഥാ പാട്ടുകൾ,കടങ്കഥാ പതിപ്പ്, കടങ്കഥാ പയറ്റ് | ആഗസ്റ്റ്-മാർച്ച് | ക്ലാസ് ടീച്ചർ | |
| അക്ഷരമെഴുത്ത് | പത്രം,വായനാകാർഡ് എന്നിവയിൽ നിന്നും നിശ്ചിത അക്ഷരങ്ങൾ കണ്ടെത്തി വൃത്തം വരപ്പിക്കുന്നു. എഴുതുന്നു. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ | |
| കൃഷിയിടം സന്ദർശനം | മനുഷ്യന്റെ കൈകൾ എത്രമാത്രം സഹായകമാകുന്നു എന്ന് തിരിച്ചറിയുന്നതിന് | സെപ്റ്റംബർ - നവംബർ | ക്ലാസ് ടീച്ചർ | |

# ഗണിതം

## ലക്ഷ്യങ്ങൾ/നേട്ടങ്ങൾ

- സംഖ്യാ ബോധം ഉറപ്പിക്കൽ.
- സംഖ്യാ വ്യാഖ്യാനം (1,00,000 വരെയുള്ള സംഖ്യകളുടെ)
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
- ചതുഷ്ക്രിയകൾ പ്രശ്ന പരിഹരണം.
- ഗണിതാസ്വാദനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ,
- ഗണിതാസ്വാദനം,സർഗ്ഗാത്മക ചിന്ത,യുക്തി ചിന്ത.
- ഗവേഷണപ്രവർത്തനങ്ങൾക്ക് താല്പര്യം വളർത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാ ബോധം ഉറപ്പിക്കൽ | പ്രീ ടെസ്റ്റ്-സംഖ്യാ ബോധം,സംഖ്യാ വ്യാഖ്യാനം, ചതുഷ്ക്രിയകൾ ഇവയിലുള്ള പിന്നോക്കാവസ്ഥ കണ്ടെത്തുന്നു.<br><br>ഘട്ടം 1<br>ഒരക്കം മുതൽ നാലക്കം വരെയുള്ള സംഖ്യകൾ കേട്ടെഴുതുന്നതിനും, വായിക്കുന്നതിനുമുള്ള പ്രവർത്തനം<br><br>ഘട്ടം -2<br>വലുത്,ചെറുത് കണ്ടെത്തുന്നു.ആരോഹണ, അവരോഹണ ക്രമം.<br>ഘട്ടം -3<br>പാറ്റേണുകൾ പൂർത്തിയാക്കുന്നു. | ജൂൺ ആദ്യ വാരം<br><br>ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ | |
| സംഖ്യാ വ്യാഖ്യാനം | ഘട്ടം 1<br>രണ്ടക്ക സംഖ്യകൾ മുതൽ മൂന്നക്ക സംഖ്യകൾ വരെ.<br>ഘട്ടം -2<br>നാലക്ക സംഖ്യ മുതൽ ആറക്ക സംഖ്യകൾ വരെ.<br>ഘട്ടം -3<br>പാറ്റേണുകൾ നിർമ്മിക്കുന്നു,ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നു, ജ്യാമിതിയ പാറ്റേണുകൾ നിർമ്മിക്കുന്നു, ടാൻഗ്രാം | ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ | |
| 100 മുതൽ 1000 വരെയുള്ള സംഖ്യകൾ മനസിലാക്കുന്നതിന്. | 100 നോട് 1 വീതം കൂട്ടിയാൽ ഉണ്ടാകുന്ന വ്യത്യാസം തിരിച്ചറിയുന്നതിനും, എഴുതുന്നതിനും,വായിക്കുന്നതിനും.100 നോട് 100 വീതം കൂട്ടി എഴുതുന്നതിനും, വായിക്കുന്നതിനും സംഖ്യകൾ തിരിച്ചറിയുന്നതിനും. | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നതിന്. | ചതുരം,വട്ടം,ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.തോരണം, തോണി നിർമ്മാണം,വെജിറ്റബിൾ പ്രിന്റിംഗ്.<br><br>ചതുരം,വട്ടം,ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | |
| 1 മുതൽ 100 വരെയുള്ള കളിനോട്ടുകൾ തിരിച്ചറിയുന്നതിന് | ഓരോ നോട്ടുകളും 10 എണ്ണം വീതം. കമ്പുകെട്ടുകൾ,സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം. | ജൂലൈ- ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം. | നോട്ടുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രായോഗിക പ്രശ്നങ്ങൾ. | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| അളവുകൾ തിരിച്ചറിയുന്നതിന്. | സ്കെയിൽ നിർമ്മാണം,കുട്ടികളുടെ ഉയരം, ഭാരം എന്നിവ അറിയുന്നതിന്. | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| സമയം കണ്ടെത്തുന്നതിന്. | ക്ലോക്ക് നോക്കി സമയം കണ്ടെത്തുന്നതിന്. | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ചതുഷ് ക്രിയകളായ സങ്കലനം,വ്യവകലനം, ഗുണനം,ഹരണം എന്നിവ മനസ്സിലാക്കുന്നതിന്. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗുണന വസ്തുത കാർഡ് നിർമ്മാണം | ഗുണന വസ്തുത ഉൾപ്പെടുന്ന കാർഡ് നിർമ്മാണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗണിതാസ്വാദനം | ഭാരതീയ ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ,പസിലുകൾ പരിചയപ്പെടൽ.ജ്യാമിതിയ പാറ്റേണുകൾ, പസിലുകൾ,മാഗസിൻ എന്നിവയുടെ നിർമ്മാണം. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |

# ENGLISH

## Objectives

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging.
- To expand Vocabulary for improved communication and comprehension
- To ensure Fluency in reading and Writing.
- To equip students with effective written communication skills.
- To establish a solid understanding of language elements.
- To develop a love for reading and Literature.
- To develop children's own stories and drafting books.
- To apply the language in day to day life.

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| **English Challenge.** | Create an English atmosphere. Speak simple English Frequently. Uses simple questions and lead to jokes. Prepare some story cards and short videos of its reading. Celebrate a day in week as English day.<br>Paste some English words on walls, doors, shelf's, bunches, desks, tables, etc. Make use of some action songs and games also. | June-March | Class Teacher | |
| **English Assembly.** | Listening-Teachers talk. Speaking-Prayer, Pledge, Riddles, Dairy, Quotes of Eminent leaders, Readers theatre, etc. | June-March | Class Teacher | |
| **Speech Bubbles.** | Give chance for filling speech bubbles. Eg. Issac and Dilna. Give more chances in the next coming units also. | From June $2^{nd}$ week onwards. | Class Teacher | |
| **MEW** | New words are introducing through picture and appropriate sentences in different contexts to get its meaning students have to keep them in notebooks a my English world. | June-March | Class Teacher | |

| | | | | |
|---|---|---|---|---|
| **Read and Rejoice** | Tells simple English stories with proper actions and voice modulations Gives more stories having great values likes brave, unity, kindness, honesty etc for reading. | Once in a week | Class Teacher | |
| **Picture Diary.** | Experience sharing and writing diary with suitable pictures. | From the end of June-March | Class Teacher | |
| **Hai English. (English Club)** | Various club activities. example Readers Theatre. | July-February | Class Teacher | |
| **My Notice.** | Exhibit model notices leads to discussion and prepare school notice about major activities. | July last week | Class Teacher | |
| **Digital Talk** | Teacher and students are calling each other through mobile phone. share feelings, thoughts and events in English. | Frequently | Class Teacher | |
| **Picture Dictionary (World of Birds)** | End of each unit collect birds, recorded them and create a picture dictionary. | End of the each Unit | Class Teacher | |
| **Creative Space.** | Provide students with a set of story related picture. They should sequence the events and develops a meaningful story based on them. | July | Class Teacher | |
| **Description** | Gives different pictures to prepare a description (Describing words are introducing occasionally) | July | Class Teacher | |
| **Riddles Riddles** | Teacher asks some riddles eliciting peculiarities of a riddle and gives riddles making as a groups work | July | Class Teacher | |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും,രുചിയറിവും | ജൂൺ–ആഗസ്റ്റ് | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| പ്രകൃതിയെ അറിയാനും ആസ്വദിക്കുവാനും. | പുഷ്പോദ്യാനം, ഔഷധ തോട്ടം, ചുറ്റുവട്ടം | ഡിസംബർ–ജനുവരി | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| ശുചിത്വ ബോധമുള്ള വ്യക്തിത്വം സൃഷ്ടിക്കുന്നതിന് | ശുചിത്വ ക്ലാസുകൾ, സർവ്വേ, പോസ്റ്റർ രചനാമത്സരം | സെപ്റ്റംബർ–ഡിസംബർ | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം, കാഴ്ച ബംഗ്ലാവിലേക്ക് കാണാകാഴ്ചകൾ | ജനുവരി | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| നാടറിയാൻ–നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക്–നമുക്കും കർഷകരാകാം. | സെപ്റ്റംബർ–ഡിസംബർ | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |

# യു.പി തലം

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന വികസനം, ആശയ സംവാദനം നടത്താനും, പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു.<br>ഭാഷാകേളി<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളും, വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ<br>ജൂൺ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം,മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>വാർത്ത വായന<br>സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.അതത് മാസത്തെ പ്രധാന സംഭവങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br>പ്രതിമാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ,എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കൽ. | വർഷത്തിൽ രണ്ട് തവണ | മലയാളം അധ്യാപകർ | |
| സർഗ്ഗാത്മക ശേഷി വളർത്തൽ. | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | മാർച്ച് | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഓരോ ടേംമിലും. | മലയാളം അധ്യാപകർ | |

# ENGLISH

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| **To Listen and Speak in English** | 1.Story narration-Assembly<br>2.Describing Objects.<br>3.Listen News Reading in English assembly.<br>4.Follow me if you can-give instructions in English | Academic Year | English Teacher | |
| **Meaningful Reading** | 1. I too can: Arrange reading cards, give chance to read(simple to Complex) | Once in Week | English Teacher | |
| **Write English without mistake** | 1.Alert Zone: Prepare Notice boards, Posters, Sign boards etc and Pasted them in Classrooms and School Premises.<br>2.My droplets: Prepare Small English Magazine.<br>3. Story Completion. | Academic Year | English Teacher | |
| **Develop Confidence in Expressing English language.** | 1. Role Play: In relation to class activities.<br>2. Skits.<br>3. Promote English Speaking in class rooms.<br>4. Give situations and promote conversation. | Academic Year | English Teacher | |
| | 5. English Fest. | On Each Term | SRG | |
| | 6. Meet the Foreigners: Give opportunities to speak with a Person who can speak English Fluently. | February | SRG | |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ. | 1. അക്ഷരം എഴുത്ത്.<br>2. ചിഹ്നം ഉറപ്പിക്കൽ.<br>3. അക്ഷര കാർഡ് വായന.<br>4. ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>5. വാക്കുകൾ നിർമ്മാണം. | ജൂൺ- ആഗസ്റ്റ് | ഹിന്ദി ടീച്ചർ | അക്ഷര ചാർട്ട്, പാഠപുസ്തകം. |
| വീട് ഒരു പരീക്ഷണശാല- കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | 1. വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയാറാക്കൽ. | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഹിന്ദി ടീച്ചർ | ഹിന്ദി നിഘണ്ടു. |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | 1. ഹിന്ദി അസംബ്ലി.<br>2. ദിനാചരണങ്ങൾ.<br>3. അധിക വായന.<br>4. ചിത്രം കഥപറയൽ.<br>5. ചിത്രം അടികുറിപ്പ്.<br>6. വായന മൂല.<br>7. ക്ലാസ് ലൈബ്രറി. | നവംബർ മുതൽ ഫെബ്രുവരി | ഹിന്ദി ടീച്ചർ | പുസ്തകങ്ങൾ |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും,ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നു. | ജൈവവൈവിധ്യ പാർക്ക്. ഔഷധ തോട്ടം,ശലഭോദ്യാനം, കുളം, പച്ചക്കറി തോട്ടം എന്നിവയുടെ നിർമ്മാണം, പരിപാലനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക പരിസ്ഥിതി ക്ലബ്. സയൻസ് ക്ലബ്. | |
| | കണ്ടറിയാനൊരുയാത്ര പാടങ്ങൾ, കാവുകൾ, നദീതീരം എന്നിവ നിരീക്ഷിക്കുക, പാരിസ്ഥിതിക പ്രശ്നങ്ങൾ മനസ്സിലാക്കുക. | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക എസ്.ആർ.ജി | |
| ശാസ്ത്ര താൽപര്യം വളർത്തുക, | നിത്യ ജീവിതത്തിൽ നിന്നും പരിചിതമായ വസ്തുക്കൾ ഉപയോപ്പെടുത്തി ലഘു പരീക്ഷണങ്ങൾ ചെയ്യുക. ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുക. | ജൂലൈ ഒക്ടോബർ ജനുവരി | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്. | |
| | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർനിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്. | |
| യുറേക്കാ | ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | സയൻസ് ക്ലബ്. | |
| ശാസ്ത്ര രംഗത്തെ അറിവ് വർധിപ്പിക്കുക.സ്വയം പഠനശേഷി പരിപോഷിപ്പിക്കുക | ശാസ്ത്ര ക്വിസ്. | എല്ലാ മാസവും | ശാസ്ത്രാധ്യാപിക | |
| ഗവേഷണ താൽപര്യം വളർത്തുക. | ഊർജ്ജ ക്ലബ്,ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക വിവിധ ക്ലബുകൾ | |

# <u>ഗണിതം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പുവരുത്തുക. | * പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുക.<br>* പ്രത്യേക പിൻതുണാ പ്രവർത്തനങ്ങൾ നടത്തുക.<br>* ഗണിത ക്ലിനിക്ക്.<br>പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക. | ജൂൺ | ഗണിതാധ്യാപിക | |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>IT സാങ്കേതികവിദ്യ</u><br>1. ജിയോജിബ്രാ software ഉപയോഗിച്ച് ജ്യാമിതിയ രൂപങ്ങൾ വരയ്ക്കുന്ന പ്രവർത്തനം.<br>2. J.L Fraction ഉപയോഗിച്ച് ഭിന്നസംഖ്യകളെ കൂടുതൽ അറിയുക. | ആവശ്യാനുസരണം | ഗണിതാധ്യാപിക | |
| സംഖ്യാ ബോധം, സംഖ്യാ വ്യാഖ്യാനം, ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുക. പ്രായോഗിക പ്രശ്നപരിഹരണം. | സംഖ്യാ കാർഡുകൾ,ചാർട്ടുകൾ.<br>ജ്യാമിതിയ രൂപങ്ങൾ വരയ്ക്കുക.<br>വർക്ക് ഷീറ്റ് നിർമ്മാണം. | ജൂലൈ<br>ആഗസ്റ്റ്<br>ഡിസംബർ | ഗണിതാധ്യാപിക | |
| ഗണിതാഭിരുചി വർദ്ധിപ്പിക്കുക. | ◆ ഗണിത കളികൾ.<br>◆ കുസൃതി കണക്ക്.<br>◆ പസ്സിൽസ്.<br>◆ ഗെയിംസ്. | വർഷത്തിൽ മൂന്ന് തവണ | ഗണിതാധ്യാപിക | |
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുക | ➔ ഗണിത ക്വിസ്.<br>➔ ക്ലാസ് തല മത്സരങ്ങൾ. | ജൂൺ<br>ഡിസംബർ | ഗണിതാധ്യാപിക | |
| ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പത്തിൽ കടന്ന് ചെല്ലാൻ പഠനോപകരണങ്ങൾ നിർമ്മിക്കുക. | ഗണിത ലാബ് ഒരുക്കുക. | | ഗണിതാധ്യാപിക<br>ഗണിത ക്ലബ്. | |

# സാമൂഹിക ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്ച്വൽ ഫീൽഡ് ട്രിപ്പ്. IT സാങ്കേതികവിദ്യ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | ജൂൺ. | സാമൂഹിക ശാസ്ത്ര അധ്യാപിക | |
| സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കൽ. | ദേശിയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ മെമ്മറി ടെസ്റ്റ് നടത്തുക. | ജൂൺ. | സാമൂഹിക ശാസ്ത്ര അധ്യാപിക | |
| കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം-പോക്സോ നിയമം. | പോക്സോ നിയമ ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | എസ്.ആർ.ജി സാമൂഹിക ശാസ്ത്ര ക്ലബ്. | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ. | ആഗസ്റ്റ് | എസ്.ആർ.ജി സാമൂഹിക ശാസ്ത്ര ക്ലബ്. | |
| ആരും നിയമത്തിന് അതീതരല്ലെന്ന ബോധം വളർത്തൽ. | നിയമവാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയങ്ങളെക്കുറിച്ചും കുട്ടികൾക്ക് അവബോധം നൽകുന്ന പ്രവർത്തനങ്ങൾ. | ജൂൺ-മാർച്ച് | എസ്.ആർ.ജി സാമൂഹിക ശാസ്ത്ര ക്ലബ്. | |
| രാഷ്ട്രപിതാവിന്റെ ജീവിതം,പ്രവർത്തനങ്ങൾ എന്നിവ അറിയുക. | • പ്രസംഗം.<br>• പുസ്തകങ്ങൾ നൽകൽ.<br>• കുറിപ്പ് തയ്യാറാക്കുക. | ഒക്ടോബർ | സാമൂഹിക ശാസ്ത്ര ക്ലബ്. | |
| സമകാലിക വിഷയങ്ങൾക്ക് പ്രാധാന്യം നൽകുക. | • സാമൂഹിക ശാസ്ത്ര ക്വിസ്.<br>• പത്ര വായന.<br>• ആനുകാലികം | ജൂൺ-മാർച്ച് | സാമൂഹിക ശാസ്ത്ര ക്ലബ്. | |
| ദിനാചരണങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ-മാർച്ച് | സാമൂഹിക ശാസ്ത്ര ക്ലബ്. | |